**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3354      24.06.2013-ൽ മറുപടിക്ക്

**ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. കെ. അജിത്<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ എക്സൈസിന്റെ പൂർണ്ണ നിയന്ത്രണത്തിലും സംവിധാനത്തിലും തയ്യാറാക്കുന്ന സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഹോളോഗ്രാം തയ്യാറാക്കുന്നുതിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന രീതി എന്താണെന്ന് വിശദമാക്കുമോ; | (എ) ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ, എക്സൈസ് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലും സംവിധാനത്തിലും തയ്യാറാക്കുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല. ഇപ്പോൾ, കെ.എസ്.ബി.സി - ക്കു വേണ്ടി, ഒരു കരാറിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരത്തുള്ള സി-ഡിറ്റ് എന്ന സ്ഥാപനം ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. |
| (ബി) നിലവിലുണ്ടായിരുന്ന സംവിധാനത്തിൽ എന്തെങ്കിലും പാകപ്പിഴകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ബി.സി-യും, സി-ഡിറ്റുമായി ഉണ്ടാക്കിയ കരാറിനു വിരുദ്ധമായി ടി ലേബൽ നിർമ്മാണം, ഹോളോഗ്രാഫി രംഗത്ത് മുൻപരിചയമില്ലാത്ത ഒരു സ്വകാര്യകമ്പനിക്ക് നൽകിക്കൊണ്ട് സി - ഡിറ്റ് കരാറിലേർപ്പെട്ടതായും, ടി സ്വകാര്യ കമ്പനി സി-ഡിറ്റിന് പുറത്ത്, എറണാകുളത്തും, തമിഴ് നാട്ടിൽ വാളയാർ ചെക്ക് പോസ്റ്റിനടുത്തും ഹോളോഗ്രാഫിക് ലേബലുകൾ നിർമ്മിച്ചു വരുന്നതായുള്ള സി-ഡിറ്റിലെ തന്നെ ഒരു വിഭാഗം ജീവനക്കാരുടെ പരാതി എക്സൈസ് വിജിലൻസ് ആഫീസറെ കൊണ്ട് അന്വേഷിപ്പിച്ച |

| | |
|---|---|
| | തിൽ, കരാർ ലംഘനം നടന്നിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ട്. കുപ്പണ മദ്യ ദുരന്തം അന്വേഷിച്ച കമ്മീഷൻ, അതിന്റെ റിപ്പോർട്ടിൽ, ഇപ്പോൾ മദ്യ കുപ്പികളിൽ പതിപ്പിച്ചു വരുന്ന ഹോളോഗ്രാം സ്റ്റിക്കറുകൾ ഫലപ്രദമല്ലായെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. എക്സൈസ് കമ്മീഷണറുടെ ഒപ്പോടുകൂടിയ ലേബലുകളുടെ അച്ചടിയിലും വിതരണത്തിലും എക്സൈസ് വകുപ്പിന് പങ്കാളിത്തമോ നിയന്ത്രണമോ ഇല്ലാത്തതിനെ സി & എ. ജി നിശിതമായി വിമർശിക്കുകയും, സി & എ. ജിയുടെ റിപ്പോർട്ടിൽ എക്സൈസ് വകുപ്പ് തന്നെ ഹോളോഗ്രാം സ്റ്റിക്കറുകൾ അച്ചടിച്ച് വിതരണം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. |
| (സി) ഹോളോഗ്രാം ലേബലുകൾ തയ്യാറാക്കുന്നതിൽ സി-ഡിറ്റിനുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ? | (സി) ഇപ്പോൾ, എക്സൈസ് കമ്മീഷണർ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി, സി-ഡിറ്റ് എന്നിവർ ചേർന്നുണ്ടാക്കിയ ഒരു ട്രൈ പാർട്ടി കരാറിന്റെ അടിസ്ഥാനത്തിൽ, സി-ഡിറ്റ് കെ.എസ്.ബി. സി-ക്ക് ആവശ്യമായ ഹോളോഗ്രാം അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ

9